# 2018-2019

## ടെക്നോ ബ്ലോഗ്

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS



### സേക്രഡ് ഹാർട്ട് സി.ജി.എച്ച്.എസ്.എസ്.തൃശ്ശൂർ

# വിദ്യാലയ തിരുമുറ്റത്തേക്ക്......



# ഇതളുകൾ വിരിയുമ്പോൾ ....

പെയ്തൊഴിയാത്ത നൊമ്പരം
അമ്മ
ഉണരൂ ഉപഭോക്താവെ ഉണരൂ
പ്രകൃതി
മൺപാത്രങ്ങൾ
ഈ ഭൂമിക്കിതെന്തുപറ്റി
ശാസ്ത്രം രക്ഷകനോ ശിക്ഷകനോ ?
കടംകഥകൾ
കടൽ
കൂട്ടുകാർ
ആകാശം
നിലാവ്

ഹൃദയത്തിൽ നിന്നുയരുന്ന ഓരോ ഹൃദയത്തുടിപ്പിനൊപ്പം .. അനുനിമിഷം വളർന്നു വരുന്ന നവശാസ്ത്ര

ശൃംഖലകൾ ..മാനവഹൃദയത്തിന്റെ ആക്കം കൂട്ടുന്നു ...

ഓരോ അക്ഷരങ്ങൾക്കും ,തൂലികയിൽ നിന്നുമടർന്നുവീഴുന്ന

ഓരോ തുള്ളി മഷിക്കും ,ജീവാംശത്തിന്റെ കലർപ്പുകൾ .....

കാലങ്ങൾ നെയ്ത കൈയൊപ്പുകൾ ഇളം ഹൃദയത്തിൽ തളിരിടാനാരംഭമായി ..........

കരങ്ങളിലെ അദൃശ്യവിസ്മയങ്ങൾ വെള്ളിച്ചരടിനാൽ നിയന്ത്രിതമാണ് ....

സാങ്കേതികതയുടെയും, കൃത്രിമ സൃഷ്ടികളുടെയും വിശ്വവസന്ത ആകാശഗോപുര പ്രതിഭാസങ്ങൾക്കുമീതെ

പുതുസൃഷ്ടിചോദനയുമായി , നവസാങ്കേതികവിദ്യാരംഭത്തിനായി , ഉയരങ്ങളിൽ ഉയരങ്ങളിലേക്ക്

പാറിപ്പറക്കാം .....

എഡിറ്റർ



ഹൃദയം ഹൃദയത്തോട് സംവദിക്കുമ്പോൾ .......

കാഴ്ച്ചകൾ മാറുന്നതിനനുസരിച്ച് കാഴ്ച്ചപ്പാടുകൾ മാറുമ്പോൾ ....

വിജ്ഞാനത്തിന്റെ വിസ്മയലോകംവെളിപ്പെടുത്താൻ......

നിരന്തരം പുതുക്കുന്ന പാതകളിൽ വഴിവിളക്കാകാൻ ...
സ്നേഹത്തിന്റെയും കരുതലിന്റെയും പൊൻതൂവൽ സ്പർശമായി ,ആദ്യത്തെ സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റ് ആയ **'six Degrees.com**'ന്റെ പാരമ്പര്യ കണ്ണിയായ **'ടെക്‌നോ ബ്ലോഗിന്റെ'** ആദ്യ പ്രതിസമർപ്പണം . സേക്രഡ് ഹാർട്ട് ഡിജിറ്റൽ വിജ്ഞാന ശേഖരണമായ 'ടെക്‌നോ ബ്ലോഗ് ' ഇവിടെ സമാരംഭിക്കുകയായി .........
അദ്ധ്യാപകർക്കും ,വിദ്യാർത്ഥികൾക്കും ആശംസകളോടെ ...

സി.മരിയ ജോസ്
ഹെഡ് മിസ്ട്രസ്



# ചരിത്രനിമിഷങ്ങൾ

സംസ്കാരസമ്പന്നമായ തൃശ്ശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് പ്രശസ്തിയുടെ മകുടമണിഞ്ഞു ഉന്നത ശീർഷയായി നിൽക്കുന്ന സേക്രഡ് ഹാർട്ട് വിദ്യാനികേതനം 1920 -ലാണ് ജന്മം കൊണ്ടത് .1920 ജൂൺ 7 ന 106 ബാലികാബാലന്മാരാണ് അക്ഷരത്തിന്റെ മധുരം നുണയാൻ ഈ തിരുമുറ്റത്ത് ആദ്യമായി കാലുകുത്തിയത്. ഇന്ന് 5 -ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡ് വരെ 29 ഡിവിഷനുകളിലായി 2030-ൽ പരം വിദ്യാർത്ഥികളെയും +2 വിഭാഗത്തിൽ 800 ഓളം വിദ്യാർത്ഥികളെയും ,എൽ പി വിഭാഗത്തിൽ 800 ഓളം ബാലികാബാലന്മാരെയും വിദ്യ നൽകി വളർത്തി വലുതാക്കുന്ന അമ്മയാണ് ഈ സ്ഥാപനം. വിജ്ഞാന സാഗരതീരത്ത് നിൽക്കുന്ന ഈ ദീപ സ്തംഭത്തിനു നാളിതുവരെ ദൈവം തന്ന അനുഗ്രഹങ്ങളെയെല്ലാം നന്ദിപൂർവം സ്മരിക്കാം .

1921 -ൽ വിദ്യാലയത്തിന്റെ വളർച്ച കണ്ടു ഇതിനെ ഒരു അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തി 1927 -ൽ ആണ് കടിഞ്ഞൂൽ പുത്രിമാർ എന്ന് വിശേഷിപ്പിക്കാവുന്ന ആദ്യത്തെ ബാച്ച് വിദ്യാർത്ഥിനികൾ ഈ വിദ്യാലയത്തിൽനിന്നു പരീക്ഷക്ക് ഇരുന്നത് . അന്ന് അവർ പ്രശതമായ വിജയം കരസ്ഥമാക്കുകയും ചെയ്തു . അന്ന് ആരംഭമിട്ട ആ ജൈത്രയാത്ര ഇന്ന് 100 വർഷത്തിലേക്കു കാലെടുത്തുവച്ചിരിക്കുകയാണ്

പ്രശസ്തമായ പരീക്ഷാവിജയം നേടിയെടുക്കുക എന്നത് ഈ സ്ഥാപനത്തിന്റെ മഹത്തായ പാരമ്പര്യങ്ങളിൽ ഒന്നാണ് .SSLC പരീക്ഷക്ക് തുടർച്ചയായി 100 % വിജയം നേടാൻ സാധിക്കുന്നു എന്നത് അഭിമാനകരമാണ് .

കല -സാഹിത്യ രംഗങ്ങളിലും വിജയം നേടിയതിന്റെ വീരഗാഥ രചിക്കുവാൻ സേക്രഡ് ഹാർട്ടിനു കഴിയും യുവജനോത്സവങ്ങളിൽ ഈ വിദ്യാലയം മുൻപന്തിയിലാണ് നില്ക്കുന്നു എന്നത് എടുത്തുപറയേണ്ടതുതന്നെയാണ് .സ്പോർട്സ് രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സ്കൂളിന് സാധിച്ചു . തികഞ്ഞ ആത്മാർത്ഥതയോടും തീക്ഷ്ണതയോടും പ്രവർത്തിക്കുന്ന ഗൈഡ് വിഭാഗവും, എൻ .സി .സി യും ജെ ആർ സി യും ലിറ്റിൽ കൈറ്റ്സും മറ്റു ക്ലബ്ബുകളും ഇവിടെ ഉണ്ട് .

ഭാവി തലമുറ ഈ വിദ്യാലയത്തിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ചു അന്തസ്സോടും ആഭിജാത്യത്തോടുംകൂടി മുന്നോട്ടു നീങ്ങുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ് . ഈ സ്ഥാപനത്തിന് നാനാതലങ്ങളിലും കൈവന്നിട്ടുള്ള ഉണർവിനും ഉയർച്ചക്കും നിദാനം ഈ സ്ഥാപനത്തിന്റെ നായകനും മധ്യസ്ഥനുമായ ഈശോയുടെ തിരുഹൃദയത്തിന്റെ അനുഗ്രഹം മാത്രമാണ് .ഇതിലെ സന്താന പരമ്പര സേക്രഡ് ഹാർട്ടിന്റെ പരിമളം നാനാഭാഗത്തും പരത്തുവാൻ അവിടുന്ന് തന്നെ ഇടയാകട്ടെ .

# സേക്രഡ് ഹാർട്ട് സ്റ്റാഫ്



# പെയ്യൊഴിയാതെ നൊമ്പരം

നിറഞ്ഞ മഴ . ആരും സഹായിക്കാനില്ലാതെ അനാഥമായി അവർ. ആരും ഇല്ലാത്ത ചോർന്നൊലിക്കുന്ന കുടിലിൽ ആ അമ്മയും മക്കളും . ആ വീട്ടിൽ വെള്ളം ഇപ്പോൾ ഇടിച്ചു കേറുന്നോരവസ്ഥയാണിപ്പോൾ .'അമ്മ ആ മകളെ തന്റെ ചിറകിനടിയിൽ ചേർത്ത് നിർത്തി. കൊടും തണുപ്പ്. ആഹാരത്തിനു വകയില്ല . അന്നൊരു ദിവസം തന്റെ പിതാവിനെ രക്ഷിക്കാൻ വന്ന ആ ദൈവദൂതൻ ഒരു വിദേശ ജോലി വാഗ്ദാനം ചെയ്തു . അതിനായി കുറെ പൈസ വേണം അവിടേക്കു പോകാൻ . കടം വാങ്ങിയും അവൾ അയാളെ ജോലിക്കു വിദേശത്തേക്ക് അയച്ചു . ഒരുപാട് സ്വപ്നങ്ങൾ അവിടെ പൂക്കുന്നുണ്ടായിരുന്നു . സന്തോഷത്തോടെ ആദ്യ ശമ്പളം അയാൾ അയച്ചു . കുറച്ചു വീട്ടുസാധനകൾ വാങ്ങി . കുറച്ചു ആഡംബരമൊക്കെ കാണിച്ചു . എന്നാൽ കടം തിരിച്ചടക്കുന്നതിനുള്ള കാര്യം അവൾ മറന്നു . അങ്ങനെ കടം കയറി അവർക്കു തന്റെ വീട് നഷ്ടപ്പെട്ടു . വിദേശത്തു ആദ്യമൊക്കെ ശമ്പളം കിട്ടിയെങ്കിലും പിന്നെ പിന്നെ അതും നിന്നു . ഭക്ഷണത്തിനുള്ള വക നിന്നു . ഇപ്പോൾ അവർ ആ പെയ്യൊഴിയാത്ത ആ മഴയൊന്നു അവസാനിച്ചെങ്കിലും എന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു . ദൈവത്തിന്റെ കാതുകൾ അവർക്കു നേരെ ചൊരിഞ്ഞെന്നോണം ആ മഴ നിലച്ചു . പിറ്റേന്ന് 'അമ്മ മക്കളെ പോറ്റാൻ വേണ്ടി കൂലിപ്പണിക്ക് പോയി തുടങ്ങി . വീട്ടിൽ ഒറ്റക്കായിരുന്നു അന്ന് മക്കൾ. സന്ധ്യക്ക് വീട്ടിൽ വന്നു നോക്കിയ ആ 'അമ്മ കണ്ടത് പിച്ചി ചീന്തി.യിരിക്കുന്ന തന്റെ മക്കളെയായിരുന്നു . അമ്മയുടെ സമനില തെറ്റി. അവൾ പ്രാന്തിയായി . നാട്ടുകാർ അവളെ പ്രാന്താശുപത്രിയിൽ എത്തിച്ചു .ദിവസങ്ങൾ കടന്നു പോയി . അവധി ലഭിച്ച അച്ഛൻ വീട്ടിലേക്കു വന്നു . കാര്യങ്ങൾ അറിഞ്ഞപ്പോൾ അയാളുടെ ഹൃദയം തകർന്നു. ഭാര്യയെ അയാൾ ആശ്വസിപ്പിക്കാൻ അയാൾ ആശുപത്രിയിൽ എത്തി . ഭാര്യയെ പുണർന്നു കൊണ്ട് അയാൾ കരഞ്ഞു -





-റോഷ്നി ഉണ്ണികൃഷ്ണൻ
10 ഡി

# സംസ്ഥാന തല വിജയികൾ









# അമ്മ

ഒരു പ്രാർത്ഥനാനാളം പോലെയാണ് അമ്മ

എന്നും അച്ഛനെത്തും നേരം വരെ

ഉമ്മറപടിയിൽ കാത്തുനിൽക്കുന്നവൾ അമ്മ

ഞാൻ ചിരിക്കും നേരത്ത് എൻ

കൂടെ ചിരിക്കുന്നവൾ അമ്മ

എന്നും എൻ തെറ്റുകുറ്റങ്ങൾ

തിരുത്തി നല്ല പാതയിൽ കൂടി

നടക്കുന്നവൾ അമ്മ

എന്നും ഒരു നല്ല കുടുംബിനി-

യാണെന്റെ അമ്മ.



അർച്ചന.പി.എസ്
VII.C

## ഉണരൂ .. ഉപഭോക്താവേ ..ഉണരൂ . ..

ഭാരതത്തെ ലോകത്തിന്റെ നെറുകയിൽ എത്തിക്കുവാൻ ശക്തമായ ജനാധിപത്യം നിലനിർത്തി ഓരോ പൗരന്റെയും അവകാശവും സ്വതന്ത്ര്യവും ഉറപ്പു വരുത്തി,നമ്മുടെ ഭരണാഘടന അനുസൃതമായി മുന്നോട്ടു ചലിക്കുമ്പോൾ ,ആ ചലനത്തിന് ചാലകശക്തിയായി വർത്തിക്കേണ്ടത് ഓരോ ഭാരതീയന്റെയും കടമയാണ്.തന്റെ അവകാശത്തെയും ,സ്വാതന്ത്ര്യത്തെപ്പറ്റിയും നമ്മെപ്പോഴും ബോധവാന്മാരായിരിക്കണം. നമ്മുടെ സഹോദരങ്ങളുടെ അവകാശത്തെയും ,സ്വാതന്ത്ര്യത്തെപ്പറ്റിയും ബോധവാന്മാരായിരിക്കുകയും അത് കാത്തുസൂക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമാണെന്നും നാം മനസിലാക്കണം .

നാമെല്ലാം സമന്മാരാണെന്നും ,മനുഷ്യന്റെ അന്തസ്സോടുകൂടി നമുക്കെല്ലാം ജീവിക്കാൻ അവകാശമുണ്ടെന്നും നാം മനസ്സിലാക്കി ,നാടിൻറെ പുരോഗതിക്കും ,വികസനത്തിനായും ജീവിക്കേണ്ടത് നമ്മുടെ എല്ലാം കടമയും ,കർത്തവ്യവും ആണെന്ന് നാം മനസിലാക്കണം .

നാം എല്ലാവരും ഇന്ന് എല്ലാ ഉപഭോഗവസ്തുക്കളും പണം കൊടുത്താണ് വാങ്ങുന്നത് . അതിനാൽ നാം ഉപഭോക്താക്കളാണ് .പക്ഷെ ഇന്ന് ഏതൊരു മേഖലയിലും ,ഉപഭോക്താക്കൾ ചൂഷണത്തിലകപ്പെട്ടു കിടക്കുകയാണ് . വിലയിലായാലും,
സേവനരംഗത്തായാലും, ,ഗുണനിലവാരത്തിലായാലും അത് തന്നെയാണ് സ്ഥിതി .ഭക്ഷ്യോത്പന്നങ്ങളിൽ ചേർക്കുന്ന അമിതമായ മായം ചേർക്കൽ ,പച്ചക്കറിക്കളിൽ അടിക്കുന്ന കീടനാശിനികളും രാസവസ്തുക്കളും ,പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗം ,ഇവയെല്ലാം ഉപഭോക്താവിന്റെ ക്ഷേമത്തെ ബാധിക്കുന്നു .ഉപഭോക്താവിന്റെ ആരോഗ്യത്തെയും ,പണത്തെയും എല്ലാം ഇവ നഷ്ടപ്പെടുത്തുന്നു .

നാം കൊടുക്കുന്ന വിലക്കനുസൃതമായി ,ഗുണനിലവാരമുള്ള ഉത്പന്നങ്ങൾ നമുക്കാവശ്യമാണ് ,അതൊരു നീതിയാണ് .അതിനായി ഓരോ ഉപഭോക്താവും മുന്നിട്ടിറങ്ങണം .നാം കമ്പളിക്കപ്പെട്ടു എന്നറിഞ്ഞാൽ ഉടൻ തന്നെ ഫോറങ്ങളിൽ എത്തണം .അതിനു ഒരു വക്കീലിന്റെയോ, ഗുമസ്തന്റെയും ആവശ്യമില്ല .

പ്രതികരണശക്തി വളർത്തിയെടുക്കുന്നത് വഴി നാടിനെ ഉപഭോക്തചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുവാൻ സാധിക്കും .ഇനി ഉയരേണ്ടതു നാമോരോരുത്തരുടേയും മൂർച്ചയേറിയ ശബ്ദശ്രുവണങ്ങളാണ്.ങ്ങനെ പുതിയൊരു നവകേരളസൃഷ്ട്ടിക്കായി നമുക്ക് കൈകോർക്കാം.

ബാസിമ .കെ .എസ് .
9.c

# നേർ കാഴ്ചകൾ



# പ്രകൃതി



അമ്മയാണീ പ്രകൃതി
എന്നും

നന്മ ഉണരും കനവാണി
പ്രകൃതി



മൃതിയെ ഭയക്കുന്ന മാനവന്
കനിയാണീ പ്രകൃതി

ജ്വാല പടർത്തും അഗ്നിക്ക്
പോലും
വിധിയാണി പ്രകൃതി



-അനീഷ എ
**9 D**

# മൺപാത്രങ്ങൾ

അരിഞ്ഞെടുത്ത  മണ്ണ് , കാലാൽചവിട്ടി ,
കൈകൊണ്ടു തള്ളി , വീണ്ടുമരിഞ്ഞു ,
പടച്ചു പലതരം പാത്രങ്ങൾ
തിരിയും ചക്രത്തിൽ വെറും കൈയ്യാൽ
വെയിലിൽ ഉണങ്ങിയും ചൂളിയിൽ വെന്തും
വീഥികളിലലഞ്ഞു
ആവശ്യക്കാരെത്തേടി
മറിച്ചും തിരിച്ചും വിരൽക്കൊണ്ടുകൊട്ടിയും
പേശിയും  പിണങ്ങിയും  വാങ്ങി പലരും
മൂന്നു കല്ലിൻമുകളിൽ ആയുസ്സു തീർത്തവർ ,
ഉറിയിൽ കയറി മച്ചിലൂഞ്ഞാൽ ആടിയവർ ,
അടുപ്പിന് താപത്തിൽ വിണ്ടുപോയവർ ,
യാചകന്റെ കയ്യിൽ നാടാകെയലഞ്ഞവർ ,
കടംകൊണ്ടവസ്ത്രവുമായി
കണ്ണേറുതടഞ്ഞവർ
മദ്യപന്റെ കയ്യാൽ മുറ്റത്തുതകർന്നവർ ,
അങ്ങനെ പലരും പലവിധം പലയിടത്തും
ധരണിയാം ചക്രത്തെ കറക്കി ,
പശിയേറും മണ്ണിൽ പടച്ചുകൊണ്ടിരുന്നു
ജഗദീശൻ പലതരം മൺപാത്രങ്ങൾ






ഇന്ദു ജോൺ പി
മലയാളം  അദ്ധ്യാപിക

# ഈ ഭൂമിക്ക് ഇതെന്തു പറ്റി



സൂര്യകിരണങ്ങൾ ചാർത്തി
നിൽക്കുമീ ഭൂമിയിൽ
വനങ്ങളാൽ നിറഞ്ഞൊഴുകുമീ
ഭൂമിയിൽ കിളികളാൽ സ്വരങ്ങൾ
കേട്ടുണരുമീ ഭൂമിക്കിതെന്തു പറ്റി

ശ്വസിക്കുന്ന വായുവിൽ വിഷം കലർത്തി
പല പക്ഷികളും നമ്മെ വിട്ടു
പോയിക്കഴിഞ്ഞു ഈശ്വര
നീ ഞങ്ങൾക്ക് കണ്ണും കാതും
നൽകി കൈയും കാലും നൽകി
ഇതൊക്കെ എന്തിനാണ് ?



ഇതൊന്നും ....................
കണ്ടു നിൽക്കാമെന്നല്ലാതെ
ഞങ്ങൾക്കിതെന്തു ചെയ്യാൻ
കഴിയും എന്റെ ഈശ്വര

ആലി ജിൻസൺ

**7 D**

# ശാസ്ത്രം രക്ഷകനോ ? ശിക്ഷകനോ ?

നാം ഇപ്പോൾ ജീവിച്ച കൊണ്ടിരിക്കുന്നത് ശാസ്ത്രയുഗത്തിലാണ് .അത്യാധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾക്ക നടുവിലാണ് നാം ഇപ്പോൾ കാരണം ശാസ്ത്രവും അതിനോടനുബന്ധിച്ചുള്ള സാങ്കേതിക വിദ്യകളും കൂടുതൽ വളർച്ച പ്രാപിച്ചത് ഈ നൂറ്റാണ്ടിലാണെന്ന നിസംശയം പറയാൻ സാധിക്കും മനുഷ്യന് വിവിധ രംഗങ്ങളിൽ ശാസ്ത്രം നൽകിയ സേവനം അക്കമിട്ട പറയുക അസാധ്യമാണ് .ഒന്നുറപ്പിച്ച പറയാം മനുഷ്യന്റെ നേട്ടങ്ങൾക്കെല്ലാം ശാസ്ത്രത്തിന്റെ സഹായമാണെന്ന ഉറപ്പിച്ച പറയാം . അത് അവന്റെ ജീവിത നിലവാരവും ആഹ്ലാദവും ആഡംബരവും വർദ്ധിപ്പിച്ച.

ശാസ്ത്രം മാനവപുരോഗതിയുടെ ആധാരമാണ് .എന്നാൽ ഇന്ന് മാനവരാശിക്ക് ഭീഷണിയായി മാറിയിരിക്കുന്ന .ശാസ്ത്രത്തിന്റെ തിന്മകൾ ലോകജീവിതത്തിനും പ്രപഞ്ച താളത്തിനും ഭംഗം വരുത്തിയിരിക്കുന്ന .അണുശക്തി മനുഷ്യരാശിക്ക് ഭീഷണിയായി മാറിയിരിക്കുന്ന .സമാധാന ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന ഈ ശാസ്ത്ര നേട്ടം അണുബോംബും ന്യൂക്ലിയർ ബോംബുംഹൈഡ്രജൻ ബോംബും ലോകനാശത്തിനു ഒരുക്കി വെച്ചിരുന്ന .ലോകത്തിന്റെ ഭാവിതന്നെ വിദകര നിയന്ത്രിത അണുയായുധങ്ങളുടെ സ്വിച്ചുകളിലാണെന്ന പറയാം .ബഹിരാകാശം പോലും പടക്കളമാകാനുള്ള പദ്ധതിയാണ് യു എസ്ഇപ്പോൾ തീരുമാനിച്ചുകൊണ്ടിരിക്കുന്നത്.



ശാസ്ത്രത്തിന്റെ സംഭാവനയാണ് മലിനീകരണം .ലോകമാകെ റേഡിയേഷൻ വികിരണങ്ങൾക്ക കീഴെയാണ് അണു ആയുധങ്ങളുടെ നിർമ്മാണവും ആയുധകിടമത്സരവും ഇതിനു ആക്കം കൂട്ടുന്ന .ആണവിസ്ഫോടനങ്ങളും അണുശക്തിനിലയങ്ങളുടെ ചോർച്ചയും സ്ഥിതി കൂടുതൽ ഭീകരമാക്കുന്ന . കാൻസർപോലുള്ള മാരക രോഗങ്ങൾ പടർന്നുപിടിക്കാനിടയാകുന്ന .പ്രയോഗിച്ചാൽ അനന്തരഫലമെന്തെന്നറിയാത്ത നിരവധി രാസവസ്തുക്കൾ ഇവിടെ പ്രചാരത്തിലുണ്ട് .ഇവ മണ്ണ്, വായു എന്നിവ മലിനമാക്കുന്ന . മനുഷ്യൻ ബഹിരാകാശത്തേക്ക് തൊടുത്തുവിട്ട നിരവധി ഉപഗ്രഹങ്ങൾ ഭൂമിക്ക ചുറ്റും കറങ്ങുകയാണ് .അവ ഏതു നിമിഷവും പൊട്ടിത്തെറിക്കുന്ന ബോംബുകൾ പോലെയാണ് .വ്യവസായവത്കരണത്തിന്റെ ഭാഗമായി ഉയർന്നു വന്നതാണ് നഗരങ്ങൾ .യന്ത്രവത്കരണം തൊഴിലില്ലായ്മക്ക് വഴിവെച്ച .മനുഷ്യാധ്വാനത്തിന്റെ അളവ് തന്നെ ഇതിനാൽ ദിനം പ്രതി കുറഞ്ഞുകൊണ്ടിരിക്കയാണ് . ഇങ്ങനെ നോക്കുകയാണെങ്കിൽ ശാസ്ത്രം മാനവരാശിക്ക് ശിക്ഷയാണ്

ശാസ്ത്രലോകം ഒരുവശം നോക്കിയാൽ വലിയൊരനുഗ്രഹവും മറുവശം നോക്കിയാൽ അത് മഹാശാപവുമാണ് .ഇനിയും നാം ചെന്നെത്താത്ത ഒട്ടേറെ ശാഖകളുണ്ട് .അവയെ നമുക്ക് നല്ല രീതിയിൽ ലോകത്തിനു സമർപ്പിക്കാം .മാനവരാശിയുടെ രക്ഷയ്ക്കായി ..............

കാർത്തിക വി എസ്
10 സി

# കടംകഥകൾ




WHYKOL.COM
അകത്തുനിന്ന്
നോക്കികാണും,
കാണുന്നതെല്ലാം
ഉള്ളിലാക്കും..
www.whykol.com www.whykol.com
ഉത്തരം : ക്യാമറ


കാലിൽ പിടിച്ചാൽ
തോളിൽ കയറും..
ത്തരം : കുട


അമ്മയെ കുത്തി മകൻ മരിച്ചു..
Any Time
PREMIUM


അക്കരെ നിക്കും
തുഞ്ചാണി,
ഇക്കരെ നിക്കും
തുഞ്ചാണി,
കൂട്ടിമുട്ടും തുഞ്ചാണി...
www.whykol.com www.whykol.com
ഉത്തരം : കൺപീലി


അടി മുള്ള് നടു കാട്
തല പൂവ്..
www.whykol.com www.whykol.com
ഉത്തരം : കൈതച്ചക്ക


ഞെട്ടില്ലാ വട്ടയില !!
www.whykol.com www.whykol.com

# കടൽ

കാരുണ്യ സാഗര സാക്ഷിയായ്-

എന്റെ മനസ്സിന്റെ വെൺതാരയിൽ

അന്ധകാരത്തിന്റെ ഇരുളിമ നീക്കി നീ.

ശാന്തമായ്, സാഗരമായ്

നീല നിലാവിന്റെ തീരത്തു മാഞ്ഞു നീ.

മഞ്ഞിന്റെ മനസ്സും അനന്തതയിൽ

നിൻ അനന്ത വീചിയിൽ ഞാൻ

ലയിച്ചിടട്ടെ നിൻ പൊൻചിപ്പിയായ്

ജലദേവതയുടെ ഐശ്വര്യ മൂർത്തിയായ്

അജപത്മ കാണ്ഡത്തിൽ പൊൻമണിയായ്

ഒഴുകുന്ന നീ, അലയുന്ന നീ

അനുരഞ്ജനയാം സായാഹ്നത്തിൽ

മാനവ കുല തലമുറക്കായി നീ

മായാതെ മറയാതെ നിലനിൽക്കുമെന്നും.



രഞ്ജന.വി.എം

**VIII.F**



# കൂട്ടുകാർ

നമ്മുടെ ജീവിതത്തിൽ നമ്മെ എന്തിലും തളരാതെ പിടിച്ചു നിർത്തുന്നവരാണ് കൂട്ടുകാർ. നമ്മൾ എന്തും പങ്കുവെക്കുന്നത് കൂട്ടുകാർക്കുവേണ്ടിയാണ് . നമ്മൾ വീട് വിട്ടിറങ്ങിയാൽ പിന്നെയുള്ള ബന്ധം കൂട്ടുകാരുമായാണ് . നാം അവരോടൊത്താണ് കളികളിലും മറ്റും ഏർപ്പെടുന്നത് . ഒരുമിച്ചു ആഹാരം കഴിക്കുന്നു , കളിക്കുന്നു , പങ്കുവെയ്ക്കുന്നു ഇതെല്ലം നമ്മൾ ചെയ്യുന്നത് കൂട്ടുകാരോടൊത്താണ് . നമ്മുടെ ജീവിതത്തിലെ ഒരു വലിയ ഭാഗം പങ്കിടുന്നത് കൂട്ടുകാരായാണ് . മത്സരങ്ങളിലായാലും പഠനത്തിലായാലും നമ്മെ പ്രോത്സാഹിപ്പിക്കാൻ നമ്മുടെ കൂടെ എന്നും നല്ല സുഹൃത്തുക്കൾ ഉണ്ടാകും . യഥാർത്ഥമായി നമ്മെ സ്നേഹിക്കുന്നവരാണ് അവർ . ഏതു ആപത്ഘട്ടങ്ങളിലും അവർ നമ്മോടു കൂടെയുണ്ട് . അവരാണ് യഥാർത്ഥമായ കൂട്ടുകാർ .



- കീർത്തന . കെ

7 b

# ആകാശം

ആകാശ രശ്മികൾ  പുൽ -
കുന്ന നേരത്തു ദീപങ്ങൾ  നിദ്ര പുലർത്തുന്നു



നിദ്രതൻ  പാഥേയം  നമ്മൾ
അറിയുന്നു  യാത്ര തുടരുന്നു  കൂടെ

മയിലുകൾ  ആടുന്നു നെൽ
പടവുകൾ ആടി ആടി വിരിയുന്നു

കുയിലുകൾ  തത്തകൾ പാടി അണിയുമ്പോൾ
നമ്മുടെ  കാതുകളിൽ ഈണം പുലരുന്നു .

നമിത  മോഹൻ
7A

# കടപ്പാട്

ഇതിനു പിന്നിൽ പ്രവർത്തിച്ച
കൈറ്റ് മാസ്റ്റർ താര ടീച്ചർക്കും
നിഷ ടീച്ചർക്കും ബ്ലെസി ടീച്ചർക്കും
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും

നന്ദി ......

